# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2264– 12/02/2020 - ലെ മറുപടിക്ക്

### പ്രളയാനന്തര പുനർ നിർമ്മാണം

ചോദ്യം | ഉത്തരം

ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പ്രളയാനന്തര പുനർ നിർമ്മാണത്തിന് എന്ത് തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്; | ഐക്യരാഷ്ട്ര സഭ, യൂറോപ്യൻ യൂണിയൻ, ലോകബാങ്ക് എന്നിവയുടെ നേതൃത്വത്തിൽ പ്രളയാനന്തരം നടത്തിയ പഠനത്തിന്റെ റിപ്പോർട്ടായ Kerala Post Disaster Need Assessment(PDNA) പ്രകാരം പ്രളയാനന്തര പുനർനിർമാണത്തിനായി മൊത്തം 31000 കോടി രൂപ വേണ്ടിവരുമെന്നാണ് അനുമാനിക്കുന്നത്. |
| (ബി) | ഇതിനകം എന്ത് തുക ഇക്കാര്യത്തിനായി സമാഹരിക്കുവാൻ കഴിഞ്ഞു; ഏതൊക്കെ മേഖലകളിൽ നിന്നാണ് പ്രസ്തുത തുക സമാഹരിച്ചിരിക്കുന്നത്; | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമൻ ബാങ്കായ KfW ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ ലഭ്യമാകുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇതിൽ വികസന നയവായ്പയായുടെ ആദ്യ ഗഡുവായി 1779.58 കോടി രൂപ ലഭ്യമായിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് 2904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ വകയിരുത്തുകയും സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം വിനിയോഗിക്കുകയും ചെയ്യുന്നു. പ്രളയാനന്തരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ) 4814.02 കോടി രൂപ (07/02/2020 വരെ) ലഭിച്ചിട്ടുണ്ട്. പ്രളയാനന്തര പുനർനിർമാണത്തിന് തുക കണ്ടെത്തുന്നതിനായി, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക്, |
| (സി) | ലോകബാങ്കിൽ നിന്നും ഇതിനകം എന്തു തുക ലഭിച്ചു; പ്രസ്തുത തുക വകമാറ്റി ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | |

| | | |
|---|---|---|
| | | സേവനങ്ങൾക്കുമേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ ഉത്തരവായിട്ടുണ്ട്. കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്റ്റുകൾ നടപ്പാക്കുന്നതിനായി 04/09/2019-ൽ ലഭിച്ച ലോകബാങ്കിന്റെ സഹായം 6004-09-101-96(R) എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും അതുവഴി സംസ്ഥാനത്തിന്റെ സഞ്ചിത നിധിയുടെ ഭാഗമായി തീരുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ, ടി തുക ഈ ശീർഷകത്തിലെ നീക്കിയിരുപ്പായി കണക്കാക്കാവുന്നതാണ്. ലോകബാങ്ക് സഹായമായി ലഭിച്ച തുക മുഴുവനും ലോകബാങ്ക് നിർദ്ദേശിക്കുന്ന രീതിയിലുള്ള ചെലവുകൾക്ക് സഞ്ചിത നിധിയിൽ നിന്നും ആവശ്യാനുസരണം വിനിയോഗിക്കാവുന്നതാണ്. ആയതിനാൽ ഈ തുക വകമാറ്റി ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |

[signature]

**സെക്ഷൻ ഓഫീസർ**